"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ഓണാഘോഷം 2023 -ഇൻഫ്രാസ്ട്രക്ചർ ക്രമീകരണങ്ങൾക്ക് അധികമായി ചെലവായ തുക-അനുവദിച്ച് ഉത്തരവാകുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

G.O.(Rt)No.387/2025/TSM തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1. 14.07.2023 തീയതിയിലെ സ.ഉ.(സാധാ) 352/2023/ടൂറിസം
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 08.08.2024, 06.12.2024, 15.04.2025 എന്നീ തീയതികളിലെ DOT/7036/2023-M2-Part(3) നമ്പർ കത്തുകൾ

**ഉത്തരവ്**

ഓണം വാരാഘോഷം 2023 തിരുവനന്തപുരത്തും, ജില്ലാ ആസ്ഥാനങ്ങളിലുമായി സംഘടിപ്പിക്കുന്നതിന് ജി.എസ്.റ്റി ഉൾപ്പെടെ ₹9,85,26,665/-രൂപ 3452-80-104-99-പൈതൃകം,പരിസ്ഥിതി,സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും (പി) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം 2023 ലെ ഓണാഘോഷത്തിനായി അനുവദിച്ച ₹9,85,26,665/-രൂപയിൽ ഇൻഫ്രാസ്ട്രക്ചർ ക്രമീകരണങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടത് 2,09,52,024/- രൂപയാണ് . എന്നാൽ ഇതിനു പുറമെ ഇൻഫ്രാസ്ട്രക്ചർ ക്രമീകരണങ്ങൾക്കായി, 40,40,575/- രൂപ അധികമായി ചെലവായിട്ടുണ്ടെന്നും പ്രസ്തുത തുക **3452-80-104-99-00-00-01- പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം** എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ

അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.ഓണാഘോഷം 2023 ഇൻഫ്രാസ്ട്രക്ചർ ക്രമീകരണങ്ങൾക്കായി അധികമായി ചെലവായ **40,40,575/- രൂപ (നാൽപത് ലക്ഷത്തി നാൽപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് രൂപ മാത്രം), 2025-26 സാമ്പത്തിക വർഷത്തിൽ, 3452-80-104-99-00-00-01- പിവി - വിവിധ ഉത്സവങ്ങളുടെയും സാംസ്കാരിക പരിപാടികളുടെയും പരിപോഷണം** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.പ്രസ്തുത തുക കിഴിച്ച് മാത്രം നടപ്പ് സാമ്പത്തിക വർഷം മറ്റ് ഘടകങ്ങൾക്കുള്ള ഭരണാനുമതി സംബന്ധിച്ച ശിപാർശകൾ സമർപ്പിക്കാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

4. ഈ ഉത്തരവ് നടപ്പാക്കുമ്പോൾ പരാമർശം (1) ഉത്തരവിൽ അനുശാസിക്കുന്ന നിബന്ധനകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAGADEES D
ADDITIONAL SECRETARY

ഡയറക്ടർ, വിനോദ സഞ്ചാര വകപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് 2 ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ചീഫ്, പ്ലാനിംഗ് ബോർഡ്
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ടൂറിസം (എ) വകപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Archana T
Date: 30-06-2025 14:45:35

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്